ND.C. 08/17, dt.08.03.17

08.03.2017

# മിഷൻകോൺഗ്രസ്സും ബി.സി.സി. കൺവെൻഷനും

വന്ദ്യ വൈദികരേ, സന്യസ്തരേ, പ്രിയ സഹോദരങ്ങളേ,

കെ.ആർ.എൽ.സി.സി. വിഭാവനം ചെയ്ത മിഷൻ കോൺഗ്രസ്സും ബിസിസി കൺവെൻഷനും 2017 ഒക്ടോബർ 6 മുതൽ 8 വരെ വരാപ്പുഴ അതിരൂപതയിൽ വല്ലാർപാടത്ത് നടത്തുവാൻ തീരുമാനിച്ചിരിക്കുന്ന വിവരം അറിഞ്ഞിരിക്കുമല്ലോ.

**ലക്ഷ്യം**

1. കേരളലത്തീൻ സഭയിൽ ഏകീകൃതവീക്ഷണവും സംവിധാനവും രൂപപ്പെടുത്തുക.
2. സഭയുടെ ചെറുപതിപ്പായി ഓരോ ബിസിസി യൂണിറ്റിനെയും രൂപീകരിക്കുക.
3. അല്മായ പങ്കാളിത്തം വർദ്ധിപ്പിക്കാനായി 6 ശുശ്രൂഷകളിലേക്കുള്ള പ്രതിനിധികളെ ബിസിസികളിൽ നിന്നു കണ്ടെത്തി സഭാപ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക.
4. ലത്തീൻ സഭാവിശ്വാസികളെ പ്രേഷിതചൈതന്യം നിറഞ്ഞ സുവിശേസാക്ഷികളാക്കുക

**വിഷയം** :പങ്കാളിത്ത സഭാസംവിധാനം സുവിശേഷപ്രഘോഷണത്തിനും സാക്ഷ്യത്തിനും.
**സ്ഥലം** :വല്ലാർപാടം, വരാപ്പുഴ അതിരൂപത
**സമയം** :2017 ഒക്ടോബർ 6 വെള്ളി മുതൽ 8 ഞായർ വരെ

**ഒന്നാം ദിവസം :** 10 മണി മുതൽ 5 മണി വരെ പൊതു സംഗമം. പഠനവിഷയം – ബിസിസികളിലൂടെ ശക്തിപ്പെടുന്ന പങ്കാളിത്തസഭ (താമസം തിരഞ്ഞെടുക്കപ്പെട്ട ഭവനങ്ങളിൽ).

**രണ്ടാം ദിവസം :** വിവിധകേന്ദ്രങ്ങളിൽ ഒരുമിച്ചുകൂടുന്നു. രാവിലെ 9 മണി മുതൽ – ദിവ്യബലി, പഠനം, പൊതുചർച്ച പഠനവിഷയം – ശുശ്രൂഷകളിലൂടെ ബിസിസി ശക്തീകരണം, ഉച്ചയ്ക്കുശേഷം – ഭവന സന്ദർശനം, യൂണിറ്റുകൾ സന്ദർശനം.

**മൂന്നാം ദിവസം :** പൊതുസംഗമം, പഠനം, എക്സിബിഷൻ, ചർച്ചകൾ, ശുശ്രൂഷാപ്രതിനിധി സംഗമങ്ങൾ, ദിവ്യബലിയോടെ സമാപനം, ദശവത്സരപ്രേഷിത പദ്ധതി അവതരിപ്പിക്കൽ. പഠനവിഷയം – പ്രേഷിതപ്രവർത്തനങ്ങളുടെ കാലിക പ്രസക്തി.

**പങ്കെടുക്കേണ്ടവർ :**

വല്ലാർപാടം കൺവെൻഷനിൽ 12 രൂപതകളിൽനിന്നുമായി പങ്കെടുക്കുന്നത് ആകെ 4000 പ്രതിനിധികൾ. നമ്മുടെ രൂപതയിൽ നിന്നും മിഷൻ കോൺഗ്രസ്സിനും ബി.സി.സി. കൺവെൻഷനുമായി പങ്കെടുക്കേണ്ടവർ – കെആർഎൽസിസി ജനറൽബോഡി അംഗങ്ങൾ, പ്രധാന ഇടവകയിൽനിന്നും 3 പേർ : ഇടവക ശുശ്രൂഷാ കോർഡിനേറ്റർ, പാരിഷ് പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി, 6 മിനിസ്ട്രികളിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഒരാൾ, ഉപഇടവകകളിൽ നിന്നും 2 പേർ വീതം : ഇടവക ശുശ്രൂഷാകോർഡിനേറ്റർ,പാരിഷ് പാസ്റ്ററൽ

കൗൺസിൽ സെക്രട്ടറി, മിഷൻ കോൺഗ്രസ്സ്‌രൂപതാസ്റ്റിയറിംഗ്കമ്മിറ്റി അംഗങ്ങൾ, രൂപതയിലെ വിവിധ ശുശ്രൂഷ ഡയറക്ടർമാർ, ബിസിസി ഫൊറോനാ സിസ്റ്റർ പ്രതിനിധി, യുവജനശുശ്രൂഷ - 11 രൂപതാ പ്രതിനിധികൾ, രൂപത അംഗീകരിച്ചിട്ടുള്ള ഭക്ത സംഘടനക ളിൽനിന്നും ഒരു ഭാരവാഹി വീതം, കെആർഎൽസിസി അംഗീകരിച്ച സമുദായ സാമൂഹിക സംഘടനകളിൽനിന്നും 3 രൂപതാ പ്രതിനിധികൾ, രൂപതയിൽ നിന്നും 11 വചനബോധന അധ്യാപകർ എന്നിവർ പങ്കെടുക്കുന്നു.

വല്ലാർപാടത്തു നടക്കുന്ന മിഷൻ കോൺഗ്രസ്സിന്റെയും ബിസിസി കൺവെൻഷന്റെയും നടത്തിപ്പിനും അതിന്റെ പ്രവർത്തനങ്ങളുടെ വിജയത്തിനുവേണ്ടിയും നമ്മുടെ രൂപതയിൽ നിന്ന് 7 ലക്ഷം രൂപ ചെലവു വരുമെന്നു കണ്ടെത്തി. ഓരോ ബിസിസി യൂണിറ്റിൽ നിന്നും 150 രൂപ വീതവും പങ്കെടുക്കുന്ന വ്യക്തികളുടെ യാത്രാ ചെലവ് അതാത് ഇടവകയോ വ്യക്തികളോ വഹിക്കേണ്ടതാണെന്നും നേരത്തെ അറിയിച്ചിരുന്നു. അതിനു ശേഷം നടന്ന ചർച്ചകളുടെ വെളിച്ചത്തിൽ പലപ്രായോഗിക ബുദ്ധിമുട്ടുകളും ഒഴി വാക്കി

ഫണ്ട് ശേഖരണം എളുപ്പമാക്കാൻ ഓരോ കുടുംബവും 25 രൂപ എന്ന ക്രമത്തിൽ ഫണ്ട് സ്വരൂപിക്കാൻ തീരുമാനിച്ചു. ഈ തുക 2017 മെയ് 30 ന മുമ്പായി ലോഗോസ് പാസ്റ്ററൽ സെന്ററിലെ രൂപതാ ബി.സി.സി. ഓഫീസിൽ എത്തിച്ച് രസീത് കൈപ്പറ്റണമെന്ന് ഓർമ്മിപ്പിക്കുന്നു. ചില ഇടവകകൾ നേരത്തെ അടച്ച തുകകൾ ഇതിൽ നിന്നു കുറവു ചെയ്യുന്നതാണ്.

ഈ പ്രവർത്തനങ്ങൾ വിജയപ്രദമാക്കാൻ ജനറൽ കൺവീനറായി മോൺ. ജി. ക്രിസ്തുദാസ്, മൊബിലൈസേഷനായി ഫാ. അജീഷ് ക്രിസ്തുദാസ്, ശ്രീ. ജി. നേശൻ ആറ്റുപുറം, ഫണ്ട് ശേഖരിക്കുന്നതിനായി വെരി.റവ.ഫാ. അനിൽ കുമാർ എസ്.എം., ശ്രീ. പോൾ നെടുങ്ങോട്, ട്രാൻസ്പോർട്ടേഷൻ റവ.ഫാ. ഷാജ് കുമാർ, ശ്രീ. ജെ.സഹായദാസ് കട്ടയ്ക്കോട് എന്നിവരെയും എല്ലാ ശുശ്രൂഷാ സമിതി ഡയറ ക്ടർമാരും ഫൊറോനകളിൽ അതാത് ഫൊറോന വികാരിമാരും ബി.സി.സി. എക്സിക്യൂട്ടീവ് സെക്രട്ടറി അച്ചന്മാരും ഫൊറോന ബി.സി.സി. സെക്രട്ടറിമാരും പാസ്റ്ററൽ കൗൺസിൽ അംഗങ്ങളെയും ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ചു. അതിൻപ്രകാരം വരുന്ന ചൊവ്വാഴ്ച (14.03.2017) ഫൊറോനയിൽ നടക്കുന്ന വൈദികരുടെ മീറ്റിംഗിൽ ഈ കമ്മിറ്റി അംഗങ്ങൾ പങ്കെടുക്കുകയും അന്നേ ദിവസം എല്ലാ ഇടവകകളിലെയും ഉപഇടവകകളിലെയും രജിസ്ട്രേഷൻ ഫോം പൂരിപ്പിച്ച് ഏൽപിക്കണമെന്ന് അറിയിക്കുന്നു.

ഇതിനോടനുബന്ധിച്ച് നമ്മുടെ ഫൊറോനകളിൽ നടക്കുന്ന ശുശ്രൂഷാ സംഗമങ്ങളിൽ നിങ്ങളുടെ സാന്നിധ്യം ഉറപ്പുവരുത്തണം. രണ്ട് ഫൊറോനകൾ ഒരുമിച്ച് നടത്തുന്ന ഓരോ ശുശ്രൂഷാ സംഗമങ്ങളിൽ അതാത് ഫൊറോനകളിലെ എല്ലാ ശുശ്രൂഷാ പ്രതിനിധികളും മറ്റു ഫൊറോനകളിൽ നിന്നു ഫൊറോന എക്സിക്യൂട്ടീവ് പ്രതിനിധികളും ഓരോ പള്ളികളിൽ നിന്നും ഓരോ വ്യക്തികളെയും പങ്കെടുപ്പിക്കാൻ ഇടവക വികാരിമാർ ശ്രദ്ധിക്കണം (ഫൊറോനകളും സമയവും സ്ഥലവും രജിസ്ട്രേഷൻ ഫോമും ഓരോ ഇടവ കയും അടയ്ക്കേണ്ട തുകയും ഇതോടൊപ്പം നൽകുന്നു).

സ്നേഹാശംസകളോടെ

റൈറ്റ് റവ. ഡോ. വിൻസന്റ് സാമുവൽ
നെയ്യാറ്റിൻകര രൂപത മെത്രാൻ

N.B. വൈദികർ ഈ സർക്കുലർ 12.03.2017 ഞായറാഴ്ച നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങ ളിലും ദിവ്യബലി സമയത്ത് വായിച്ച് വിശദീകരിക്കുക.